**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നമ്പർ : 5631** — **27.10.2011 ലെ മറുപടിക്ക്**

**പുതിയ സഹകരണ സംഘങ്ങളുടെ രജിസ്ട്രേഷനിലെ കാലതാമസം ഒഴിവാക്കാൻ നടപടി**

| **ചോദ്യം** | **മറുപടി** |
|---|---|
| **ശ്രീ. ആർ. രാജേഷ്** | **ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണ വകുപ്പ് മന്ത്രി)** |
| എ) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിന് സഹകരണ സ്ഥാപനങ്ങളുടെ വ്യാപനവും, നവീകരണവും, വികസനവും ആവശ്യമാണെന്നത് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; | എ) സംസ്ഥാനത്ത് സഹകരണ സ്ഥാപനങ്ങളുടെ വ്യാപനവും, നവീകരണവും, വികസനവും സംസ്ഥാനത്തിന്റെ സമഗ്രവികസനത്തിൽ കാര്യമായ പങ്ക് വഹിക്കുന്നതായി പൊതുവായി വിലയിരുത്തിയിട്ടുണ്ട്. |
| ബി) സാമ്പത്തിക ബാധ്യതമൂലം വർഷങ്ങളായി പ്രവർത്തനം നിലച്ച സഹകരണ സ്ഥാപനങ്ങൾ പുനരുദ്ധരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ ; എങ്കിൽ വ്യക്തമാക്കുമോ ; | ബി) പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി പരിഗണിച്ചു വരുന്നു. |
| സി) സഹകരണ രജിസ്ട്രാർ ഓഫീസുകളിൽ പുതിയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംഘങ്ങളുടെ രജിസ്ട്രേഷനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി സഹകരണ രജിസ്ട്രാർ സർക്കുലർ നിർദ്ദേശം വകുപ്പ് ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. |
| ഡി) രജിസ്ട്രേഷൻ നടപടികളിൽ സർക്കാർ ഇടപെടാറുണ്ടോ ; | ഡി) ഇല്ല. |
| ഇ) രജിസ്ട്രേഷൻ നടപടികൾ മരവിപ്പിക്കുവാനോ വകുപ്പ് മന്ത്രിയുടെ അനുമതിയോടു കൂടി മാത്രം രജിസ്ട്രേഷൻ മതിയെന്നോ നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ ഈ നടപടിക്ക് നിയമ സാധ്യതയുണ്ടോ; | ഇ) നിർദ്ദേശം നൽകിയിട്ടില്ല. |
| എഫ്) രജിസ്ട്രേഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനും നവസഹകാരികൾക്ക് പ്രത്യേക പരിഗണനയും, പ്രോത്സാഹനവും ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകുമോ ? | എഫ്) രജിസ്ട്രേഷൻ നടപടികളിലെ കാലതാമസം ഒഴിവാക്കുന്നതിനായി സഹകരണ സംഘം രജിസ്ട്രാർ സർക്കുലർ നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമാനുസൃതമായ പരിഗണന മാത്രമെ നൽകാൻ സാധിക്കുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**